പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2976

21-06-2013 ൽ
മറുപടിയ്ക്ക്

## സി-ഡിറ്റ് നടപ്പാക്കുന്ന പ്രോജക്ടുകൾ

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി
ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. എസ്. രാജേന്ദ്രൻ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | സി-ഡിറ്റ് ഇപ്പോൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളെ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ: | എ | സി-ഡിറ്റ് ഇപ്പോൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| ബി | ഈ പ്രോജക്ടുകളുടെ നടത്തിപ്പിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്: | ബി | പ്രോജക്ടുകളുടെ നടത്തിപ്പിനായി ഒരോ പ്രോജക്ടുകളുമായും ബന്ധപ്പെട്ട വകുപ്പു തലവൻമാരുടെ ആവശ്യപ്രകാരമാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കാലാകാലങ്ങളായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന രീതികളും മാനദണ്ഡങ്ങളും പാലിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. |
| സി | ഉദ്യോഗാർത്ഥികളുടെ ശമ്പളവും യോഗ്യതയും നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സി-ഡിറ്റ് മാത്രമാണോ നിശ്ചയിച്ചുവരുന്നത്: ഇക്കാര്യത്തിൽ സർക്കാരിനുള്ള പങ്ക് വ്യക്തമാക്കുമോ: | സി | അതാത് പ്രോജക്ടുകളിലേക്ക് ആവശ്യമുള്ള ഒഴിവുകൾ നിർണ്ണയിക്കുമ്പോൾ ടി ഒഴിവിന് ആവശ്യമായ യോഗ്യതയുടെയും മുൻപരിചയത്തിന്റെയും അടിസ്ഥാനത്തിലും നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുമാണ് ഉദ്യോഗാർത്ഥികളുടെ ശമ്പളവും യോഗ്യതകളും നിർണ്ണയിക്കുന്നത് |
| ഡി | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സി-ഡിറ്റിൽ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ: | ഡി | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സി-ഡിറ്റിൽ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-11 ആയി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ